# Athmaraksha.org

മറ്റു ലേഖനങ്ങൾ

## അഭിനന്ദിക്കാൻ മറക്കരുത്




ഒന്നോർത്തു നോക്കുക, നമ്മുടെ കുടുംബങ്ങളിൽ എത്രയോ വർഷമായി നമ്മുടെ അമ്മമാരും ഭാര്യമാരും സഹോദരിമാരുമൊക്കെ നമുക്കായി ഭക്ഷണം പാകം ചെയ്തു വിളമ്പുന്നു. നാം എത്ര പ്രാവശ്യം അവരുടെ പാചകം ഭംഗിയായിരിക്കുന്നെന്ന് പറഞ്ഞ് അഭിനന്ദിച്ചിട്ടുണ്ട്? പല കുടുംബങ്ങളിലും പാചകം ഇഷ്ടമില്ലാത്ത സ്ത്രീകളെ കാണാൻ കഴിയും. ഇതിന്റെ കാരണങ്ങളിൽ പ്രധാനപ്പെട്ടത് അടുക്കളയിലെ അധ്വാനം കുടുംബത്തിൽ ആദരിക്കപ്പെടുന്നില്ല എന്നതാണ്. അടുക്കളപ്പണി ഒരു ജോലിയായി പൊതുവേ പുരുഷന്മാരും കണക്കാക്കാറില്ല. വാസ്തവത്തിൽ കുടുംബത്തിന്റെ സംതൃപ്തിക്കും കൂട്ടായ്മയ്ക്കും ഏറ്റവും പ്രധാനപ്പെട്ടതാണ് ഭക്ഷണമൊരുക്കൽ. തന്റെ കഷ്ടപ്പാടുകളും അധ്വാനവും കുടുംബാംഗങ്ങൾ മാനിക്കുന്നു എന്നറിയുന്ന വീട്ടമ്മമാർക്കേ പാചകത്തിൽ സംതൃപ്തി കണ്ടെത്താനാകൂ.

കുടുംബങ്ങൾ നരകമായിത്തീരുന്നതിന്റെ പ്രധാനപ്പെട്ട കാര്യങ്ങളിലൊന്ന് നിരന്തരമായ കുറ്റപ്പെടുത്തലാണ്. കുറവുകളും തെറ്റുകളും ആരിലും ഏതു കുടുംബത്തിലുമുണ്ട്. പരസ്പരം തിരുത്തിക്കൊടുക്കാനുള്ള അവകാശവും കുടുംബാംഗങ്ങൾക്കുണ്ട്. പക്ഷേ, ഏതു സമയവുമുള്ള കുറ്റപ്പെടുത്തലുകൾ മനുഷ്യന്റെ ആത്മവിശ്വാസം കെടുത്തും. കുടുംബാന്തരീക്ഷത്തിൽനിന്നും സ്നേഹം നീക്കുകയും ചെയ്യും. എന്നാൽ അഭിനന്ദനവും പ്രോത്സാഹനവും കുടുംബങ്ങളുടെ വ്യക്തിത്വത്തെ വികസിപ്പിക്കുക മാത്രമല്ല, എല്ലാവരേയും പരസ്പരസ്നേഹത്തിൽ വളർത്തുകയും ചെയ്യും.

അനേകം മാതാപിതാക്കൾ മക്കൾക്കുവേണ്ടി രാപകലില്ലാതെ കഷ്ടപ്പെടുന്നുണ്ട്. പക്ഷേ, ഇവരിൽ പലരും അവരറിയാതെ അവരുടെ കുഞ്ഞുങ്ങളെ ഇഞ്ചിഞ്ചായി കൊല്ലുന്നു എന്നതാണ് യാഥാർത്ഥ്യം. കാരണം, അഭിനന്ദിക്കാനും പ്രോത്സാഹിപ്പിക്കാനും അവർക്കറിഞ്ഞുകൂടാ. എന്നാൽ, കുറ്റപ്പെടുത്തുന്നതിൽ അവർക്കതിയായ മിടുക്കാണുതാനും. നിരന്തരം കുറ്റംകേട്ട് വളരുന്ന കുഞ്ഞുങ്ങൾ സ്വയം സ്നേഹിക്കാനും തന്നെത്തന്നെ അംഗീകരിക്കാനും കഴിവില്ലാതാകുന്നു. സ്വന്തം നന്മകളും കഴിവുകളും തിരിച്ചറിയാനാകാത്തതിനാൽ അവരുടെ ആത്മവിശ്വാസം കെട്ടുപോകും. ദൈവം വളരെയധികം കഴിവുകളും നന്മകളും നൽകിയിട്ടും പലർക്കും ജീവിതത്തിൽ വളരാനോ സന്തോഷം കണ്ടെത്താനോ കഴിയാതെ പോയതിന്റെ കാരണങ്ങളിലൊന്ന് ഇതാണ്.

കുഞ്ഞുങ്ങളുടെ നന്മയാഗ്രഹിക്കുന്ന മാതാപിതാക്കൾ ശ്രദ്ധിക്കേണ്ട മേഖലയാണിത്. കുഞ്ഞുങ്ങൾക്ക്

അവരുടെ പഠനത്തിലും ജോലിയിലും നന്മപ്രവർത്തികളിലും അംഗീകാരവും പ്രോത്സാഹനവും നൽകണം. കുടുംബ പ്രാർത്ഥനയുടെ സമയത്ത് മക്കളുടെ നന്മകൾ എടുത്തുപറഞ്ഞ് ദൈവത്തെ സ്തുതിക്കുന്നത് നല്ലതാണ്. തങ്ങളെ ജോലികളിൽ സഹായിച്ചതിനെ ഓർത്ത്, പരീക്ഷയിൽ വിജയിച്ചതിനെപ്രതി മാതാപിതാക്കൾ ദൈവത്തിന് നന്ദി പറയുമ്പോൾ അതിലൂടെ മക്കൾക്ക് കൂടുതൽ പ്രത്യാശയും ആത്മധൈര്യവും നന്മയിൽ വളരാനുള്ള ആവേശവും കിട്ടും.

വർഷങ്ങൾക്കുമുമ്പ് 'റീഡേഴ്സ് ഡൈജസ്റ്റിൽ' വായിച്ച കഥയാണിത്. ഒരു സായിപ്പും മദാമ്മയുമാണ് കഥാനായകർ. ഒരു ദിവസം ഊണ് കഴിക്കാൻ സായിപ്പ് വീട്ടിലെത്തി. മേശയുടെ മുന്നിലിരുന്ന ഉടനെ ഭാര്യ ഒരു പ്ലേറ്റിൽ വൈക്കോൽ ഭംഗിയായി ചുരുട്ടിവെച്ച് അദ്ദേഹത്തിന്റെ മുമ്പിൽ വിളമ്പി. ദേഷ്യം കൊണ്ട് വിറച്ച സായിപ്പ് ചാടിയെഴുന്നേറ്റ് ആക്രോശിച്ചു: ഞാനെന്താ പോത്താണോ വൈക്കോൽ തിന്നാൻ. നീയെന്നെ മനപൂർവ്വം അപമാനിക്കുകയാണ്. ദേഷ്യം തീരുംവരെ സായിപ്പ് പലതും വിളിച്ചുപറഞ്ഞു. എന്നാൽ, മദാമ്മ ഒരക്ഷരം മിണ്ടാതെ പുഞ്ചിരിയോടെ ഇതെല്ലാം കേട്ടുകൊണ്ടുനിന്നു. ഒടുവിൽ സായിപ്പ് ശാന്തനായപ്പോൾ അവർ പറഞ്ഞു: 'കഴിഞ്ഞ 12 വർഷമായി നിങ്ങളെ എങ്ങനെയാ തൃപ്തിപ്പെടുത്തേണ്ടതെന്നറിയാതെ ഓരോ നേരവും ഓരോതരം ഭക്ഷണമുണ്ടാക്കി ഞാൻ വിളമ്പിത്തന്നു. പക്ഷേ, ഇത്രയും കാലമായിട്ടും ഭക്ഷണത്തെക്കുറിച്ച് നിങ്ങളൊന്നും പറഞ്ഞില്ല. അതുകൊണ്ട് ഞാൻ വിചാരിച്ചു, വൈക്കോലു തന്നാലും നിങ്ങൾ തിന്നുമെന്ന്.' ഇതു കേട്ടപ്പോഴാണ് ഭർത്താവിന് കാര്യം മനസ്സിലായത്. ഇളിഭ്യനായ അയാൾ സായിപ്പായിരുന്നതുകൊണ്ട് ഉടനടി സോറി പറഞ്ഞു. ഒരു പക്ഷേ, കേരളത്തിലെ ഏതെങ്കിലും നസ്രാണി കുടുംബത്തിലായിരുന്നു ഈ സംഭവമെങ്കിൽ അന്ത്യം വേറൊരു വിധത്തിലായേനേ!

നമ്മുടെയൊക്കെ കുടുംബങ്ങൾ സന്തോഷമുള്ളതായിരിക്കാൻ നാം ആഗ്രഹിക്കുന്നു. അതിനുവേണ്ടി പ്രാർത്ഥിക്കുന്നു; കഷ്ടപ്പെടുന്നു. പക്ഷേ, പലപ്പോഴും കുടുംബങ്ങളിൽ സമാധാനം നഷ്ടപ്പെടുന്നതിന്റെ കാരണങ്ങളിലൊന്ന് കുടുംബാംഗങ്ങളുടെ അധ്വാനവും നന്മകളും പരസ്പരം ആദരിക്കപ്പെടുന്നില്ല എന്നതാണ്. ഈ പരിത്യക്താവസ്ഥ മനസ്സിൽ സൃഷ്ടിക്കുന്ന മുറിവുകളും ദുഃഖങ്ങളും കൂടുതൽ സങ്കീർണ്ണമായ പ്രശ്നങ്ങളിലേക്ക് കുടുംബത്തെ നയിക്കും. പലപ്പോഴും പ്രശ്നങ്ങളുടെ അടിവേര് കണ്ടെത്താൻ ശ്രമിക്കാതെ ധ്യാനങ്ങളിലൂടെയും പ്രാർത്ഥനകളിലൂടെയും അത്ഭുതംവഴിയായി പ്രശ്നങ്ങൾ പരിഹരിക്കപ്പെടാനാണ് പലരും ആഗ്രഹിക്കുന്നത്. ദൈവം അസാധ്യകാര്യങ്ങളുടെ ദൈവമാണ്; അവിടുന്ന് നമുക്കായി അത്ഭുതങ്ങൾ പ്രവർത്തിക്കുകയും ചെയ്യും. പക്ഷേ, ഒരു കാര്യത്തിൽ ദൈവം നിസ്സഹായനാണ്. ദൈവത്തെ തള്ളിപ്പറയാൻവരെ സ്വാതന്ത്ര്യം നല്കപ്പെട്ടിട്ടുള്ള മനുഷ്യന്റെ മാനസാന്തരം, അത് നമ്മുടെ ഉത്തരവാദിത്വമാണ്. നാം മാറാതെ, നമ്മുടെ പെരുമാറ്റരീതികളിലും കാഴ്ചപ്പാടുകളിലും മാറ്റം വരുത്താതെ ദൈവത്തിന് നമ്മുടെ ജീവിതസാഹചര്യങ്ങളിൽ മാറ്റം വരുത്തുക പ്രയാസമാണ്.

കുംടുബനാഥന്മാരാണ് ഈക്കാര്യത്തിൽ മുൻകൈയെടുക്കേണ്ടത്. എന്നാൽ, വളരെ പ്രധാനപ്പെട്ട മറ്റൊരുകാര്യം കൂടിയുണ്ട്. കുടുംബനാഥനും ഒരു മനുഷ്യനാണ്. അയാൾക്കും അംഗീകാരവും പ്രോത്സാഹനവും കൂടിയേതീരൂ. കുടുംബത്തിനുവേണ്ടിയുള്ള കഷ്ടപ്പാടുകളെയും കുടുംബനാഥനിലൂടെ കിട്ടുന്ന സംരക്ഷണയേയും സ്നേഹത്തെയും എടുത്തുപറഞ്ഞ് കുടുംബാംഗങ്ങൾ ദൈവത്തെ സ്തുതിക്കണം. കുടുംബത്തിനുവേണ്ടി സ്വയം മറന്നു കഷ്ടപ്പെട്ടിട്ടും ഭാര്യയോ മക്കളോ അതു മനസ്സിലാക്കുന്നില്ല എന്നത് എത്രയോ കുടുംബനാഥന്മാരുടെ ഹൃദയവേദനയാണെന്നോ? അഭിനന്ദനത്തിന് അധ്വാനത്തിന്റെ തളർച്ച എടുത്തുനീക്കാനുള്ള ശക്തിയുണ്ട്; അംഗീകാരത്തിന് ജീവിതത്തെ മുന്നോട്ടു കുതിപ്പിക്കാനുള്ള ശക്തിയും. മറ്റുള്ളവരിലെ നന്മകൾ അംഗീകരിക്കുകയും അതിനെ പ്രശംസിക്കുകയും ചെയ്യുമ്പോൾ യഥാർത്ഥത്തിൽ ദൈവത്തെ പ്രകീർത്തിക്കുകയാണ്. കാരണം, എല്ലാ നന്മകളുടെയും ഉറവിടം ദൈവം തന്നെയാണ്. അപരനിലെ നന്മ വാസ്തവത്തിൽ നന്മസ്വരൂപനായ ദൈവത്തിന്റെ പ്രവൃത്തിയാണ്. തന്മൂലം മറ്റുള്ളവരെ അഭിനന്ദിക്കുമ്പോൾ നാം ദൈവത്തെയാണ് മഹത്വപ്പെടുത്തുന്നത്. ഇക്കാരണംകൊണ്ടുതന്നെ ആത്മീയ ശക്തിയും സന്തോഷവും നമ്മിലേക്ക് ഒഴുകിയെത്തുന്നതിനും ഇത് കാരണമാകും.

കുടുംബത്തിൽ നന്മകളെ അംഗീകരിക്കുകയും ആദരിക്കുകയും ചെയ്യുന്ന അന്തരീക്ഷമുണ്ടെങ്കിൽ അവിടെ വളരുന്ന കുഞ്ഞുങ്ങൾക്ക് തങ്ങൾ കണ്ടുമുട്ടുന്നവരിലേയും തങ്ങളായിരിക്കുന്ന സാഹചര്യങ്ങളിലെയും

നന്മകൾ കണ്ടെത്താനുള്ള കഴിവു ലഭിക്കും. എവിടേയും നന്മ കാണാൻ കഴിയുന്നവർ എപ്പോഴും സന്തോഷമുള്ളവരും ഹൃദയ സ്വാതന്ത്ര്യമുള്ളവരുമായിരിക്കും. അവർക്ക് മറ്റുള്ളവരെ ആദരിക്കാനും അംഗീകരിക്കാനും വളരെ എളുപ്പവുമാണ്. എന്നാൽ, നിരന്തരമുള്ള കുറ്റാരോപണങ്ങൾ നിറഞ്ഞ അന്തരീക്ഷത്തിൽ വളരുന്ന കുഞ്ഞുങ്ങൾ എവിടെ ചെന്നാലും കുറ്റങ്ങളും കുറവുകളും കണ്ടെത്തുന്നതിൽ മിടുക്കരായിരിക്കും. ഇക്കാരണത്താൽത്തന്നെ അവർ അസ്വസ്ഥരും അസ്വസ്ഥതയുണ്ടാക്കുന്നവരും ആയിത്തീരും.

കുട്ടികളുടെ മനസ്സിൽ വൈകല്യങ്ങൾ സൃഷ്ടിക്കാൻവരെ ശക്തമാണ് കുടുംബ വേദിയിലെ വിവേകശൂന്യമായ കുറ്റാരോപണങ്ങളെന്ന് പലരും തിരിച്ചറിയുന്നില്ല. കുട്ടികളുടെ ശാരീരിക, ആത്മീകവളർച്ചകൾപോലെതന്നെ പ്രധാനപ്പെട്ടതാണ് മാനസിക വികാസവും. അതിനുള്ള ചുമതലയും മാതാപിതാക്കൾക്കുണ്ട്. തിന്മനിറഞ്ഞ ഈ ലോകത്തിൽ ഒരുപാട് നന്മകളുണ്ട്. അവയെ കണ്ടെത്താൻ കഴിഞ്ഞില്ലെങ്കിൽ തിന്മയിലേക്കു ചായാനുള്ള പ്രേരണ നമ്മിൽ വർദ്ധിക്കും. തന്മൂലം അയൽപ്പക്കക്കാരുടെയും സഭയുടെയും സമർപ്പിതരുടെയും ബന്ധുക്കളുടെയും നന്മകൾ നമ്മുടെ കുടുംബവേദികളിൽ ചർച്ചാവിഷയമാകട്ടെ. അതിന്റെയർത്ഥം ലോകത്തിലുള്ള തിന്മകളെല്ലാം മൂടിവെച്ച് കപടമായ ഒരു യാഥാർത്ഥ്യത്തെ കുട്ടികൾക്ക് വരച്ചുകാട്ടണമെന്നല്ല. മറിച്ച്, ആദ്യം നന്മകൾ കണ്ടെത്താനുള്ള പരിശീലനം നൽകണം എന്നതാണ്. അത് തിന്മയെ വെറുക്കാനും നന്മയോട് പക്ഷംചേരാനും കുഞ്ഞുങ്ങൾക്ക് ശക്തി പകരും.